(5) കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

ശ്രീ. ബാബു ദിവാകരൻ : സർ, നമ്മുടെ സംസ്ഥാനത്ത് ഏറെ ചർച്ചാവിഷയമായിരിക്കുന്ന ഒരു പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നത്. നമ്മുടെ സംസ്ഥാനത്ത് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ കരാർ പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർക്ക് 1200 കോടിയോളം രൂപ ഇനിയും കൊടുത്തു തീർക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ഓരോ ബഡ്ജറ്റിലും ഇതിനെ സംബന്ധിച്ചിടത്തോളം ഓരോ പ്രഖ്യാപനങ്ങൾ നടത്താറുണ്ട്. ഇന്നിപ്പോൾ കോൺട്രാക്റ്റർമാർ ആത്മഹത്യ ചെയ്തു കൊണ്ടിരിക്കുകയാണ് എന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു കോൺട്രാക്ടർ എഴുതി വച്ച ഡെത്ത് നോട്ട്, ആത്മഹത്യയ്ക്ക് മുൻപ് എഴുതി വച്ച ഡെത്ത് നോട്ട് ഞാൻ വായിക്കുകയാണ്. അദ്ദേഹത്തിന്റെ കൈപ്പടയിൽ ; സിഐ. സർട്ടിഫൈ ചെയ്തു കൊടുത്തിരിക്കുന്ന കോപ്പിയാണ് ഞാൻ വായിക്കുന്നത്. "പി.ഡബ്ല്യൂ.ഡി. വർക്ക് ചെയ്ത് പൈസ കിട്ടാത്തതുകൊണ്ട്, കടം വാങ്ങിയ പൈസ കൊടുക്കാൻ പറ്റാത്തതുകൊണ്ട് ഞാൻ ജീവനൊടുക്കുകയാണ്. പൈസ കിട്ടുന്ന മുറയ്ക്ക് കൊടുത്തു തീർക്കാൻ ഞാൻ തോമാച്ചനെ ഏല്പിക്കുന്നു. കിട്ടാനുള്ള ബിൽ എഴുതി വാങ്ങാനും മറ്റും കുട്ടച്ചനേയും ചുമതലപ്പെടുത്തുന്നു. എനിക്ക് മറ്റ് മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തത് കൊണ്ട് ഞാൻ ജീവൻ ഒടുക്കുന്നു". ജേക്കബ് ആത്മഹത്യ ചെയ്യുന്നതിന് മുൻപ് എഴുതി വച്ച നോട്ടാണ് ഇത്. ഇത് പ്രേരണാകുറ്റമാണ്. ആത്മഹത്യയ്ക്ക് പ്രേരണാ കുറ്റത്തിന് ഈ മന്ത്രിയുടെ പേരിൽ നടപടിയെടുക്കേണ്ടതാണ്. അത്രത്തോളം ഒരു സ്ഥിതിയിലേക്ക് കാര്യങ്ങൾ പോയി നിൽക്കുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി വളരെ കർശനമായി നിർദ്ദേശം കൊടുത്തു, കുടിശ്ശികകൾ ഇത്ര ദിവസത്തിനകം കൊടുത്തു തീർക്കണമെന്ന്. അവിടെ ഗവൺമെന്റ് അഫിഡവിറ്റ് കൊടുത്തു, ഇത്ര നാളുകൾക്കകം ഞങ്ങൾ കൊടുത്തു തീർക്കാമെന്ന്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി പല പ്രഖ്യാപനങ്ങളും നടത്തി. ട്രഷറി നിയന്ത്രണങ്ങളെല്ലാം എടുത്തു കളഞ്ഞു എന്ന് പറഞ്ഞു. ട്രഷറിയിൽ പോയ കോൺട്രാക്ടറെ അവിടെ മർദ്ദിച്ചവശനാക്കി. ഇപ്പോൾ അദ്ദേഹം കേസ് കൊടുത്തു, കോടതിയിൽ. ഇപ്പോൾ പോലീസ് സ്റ്റേഷനിലാണ്. ഒരൊറ്റ ട്രഷറികളിൽ ബിൽ മാറി കിട്ടുന്നില്ല. എല്ലാ ട്രഷറികളിലും ക്രമസമാധാനത്തിന് പോലീസിനെ നിർത്തേണ്ട സ്ഥിതിയാണ് കരാറുകാരോട് നിരുത്തരവാദപരമായ ഒരു സമീപനം എടുക്കുകയാണ്. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ മുഴുവൻ വികസന പ്രവർത്തനങ്ങളേയും സ്തംഭിപ്പിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട പി. ഡബ്ല്യൂ. ഡി. മന്ത്രി ഒരുപാട് വികസനത്തെക്കുറിച്ച് പറഞ്ഞു. അതെല്ലാം തന്നെ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ലാതെ, ബഡ്ജറ്റിൽ യാതൊരു തുകയും കൊള്ളിക്കാതെ തോന്ന്യാസം നടത്തുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ മുഴുവൻ പ്രവർത്തനങ്ങളും സ്തംഭിച്ചു നിൽക്കുന്നു. ഇതിന് പരിഹാരം കാണണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കേരളത്തിലെ പൊതുമരാമത്ത്-ജലസേചന മേഖലകളിലെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിക്ക് അനുസരിച്ച് കൊടുത്തു തീർത്തുകൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് തടസ്സം വരാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 28-10-2000-ലെ ഉത്തരവിൽ 31-03-1999 വരെയുള്ള കുടിശ്ശിക വകയിൽ 150 കോടി രൂപ കൊടുത്തു തീർക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും ഗവൺമെന്റിൽ നിന്നും 168.92 കോടി രൂപ നൽകി കഴിഞ്ഞത് ഉൾപ്പെടെ ആകെ 413.15 കോടി രൂപ കരാറുകാർക്ക് ചെയ്തു തീർത്ത പ്രവൃത്തികളുടെ വകയിൽ ഈ സാമ്പത്തിക വർഷം തന്നെ കൊടുത്തു തീർത്തിട്ടുണ്ട്. ബാക്കിയുള്ളതും ഇവർക്ക് കൊടുക്കുന്നതാണ്. കരാറുകാർക്ക് പൈസ കൊടുക്കാനുള്ളത് ഇപ്പോഴൊന്നുമല്ല. ഏത് കാലത്തും ഇത് അക്യൂമിലേറ്റഡ് ഡെബിറ്റ് ആണ് ; സഞ്ചിതമായിട്ടുള്ളതാണ്. കോടതി വിധിയനുസരിച്ച് 31-3-1999 വരെ ഒരൊറ്റ കരാറുകാർക്കും കൊടുക്കാനില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ബാബു ദിവാകരനിൽ നിന്ന് ഇത് ഞാൻ പ്രതീക്ഷിച്ചില്ല. ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ചതിന് കേസ് എടുക്കണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നതെങ്കിൽ അദ്ദേഹത്തിന്റെ ആഗ്രഹം പുഷ്പിക്കട്ടെ എന്നല്ലാതെ ഞാൻ എന്ത് പറയാനാ. അത് വളരെ ഖേദകരമാണ്. അദ്ദേഹത്തെ പോലൊരു ചെറുപ്പക്കാരൻ, വക്കീലാണ്, മിടുക്കനാണ് അങ്ങനെ ഒരാൾ ഈ രീതിയിൽ ഒരു wild allegation, ആത്മഹത്യയ്ക്ക് ഞാൻ പേരിപിപ്പിച്ചു എന്നൊക്കെ അസംബ്ലിയിൽ പറയുമ്പോൾ ..... വസ്തുത. എന്താണെന്ന് നമുക്കറിയാമല്ലോ

(6) കുഴൽമന്ദം നിയോജകമണ്ഡലത്തിലെ കുളവൻമൊക്ക്-കുത്തന്നൂർ റോഡിന്റെ പണി

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, കുഴൽമന്ദം നിയോജകമണ്ഡലത്തിലെ കുളവൻമൊക്ക്-കുത്തന്നൂർ റോഡിന്റെ വികസന പ്രവർത്തനം ഏറ്റെടുത്ത കോൺട്രാക്ടർമാർ ഇടയ്ക്ക് വച്ച് വർക്ക് നിർത്തി പോയതിന്റെ ഭാഗമായിട്ട് വളരെ ശോചനീയമായിട്ട് കിടക്കുകയാണ്. ബന്ധപ്പെട്ട കോൺട്രാക്ടറെ കൊണ്ടോ അല്ലെങ്കിൽ വേറെ കോൺട്രാക്ടർക്ക് മാറ്റി കൊടുത്തോ എത്രയും വേഗം ആ റോഡിന്റെ പണി പൂർത്തീകരിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : കുഴൽമന്ദം മണ്ഡലത്തിലെ കുളവൻമൊക്ക്-കുത്തന്നൂർ റോഡിന്റെ പണിയ്ക്കായി 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. അബ്ദുൾ കരീം എന്ന കോൺട്രാക്റ്റർക്ക് എസ്റ്റിമേറ്റ് തുകയുടെ 32% അധികത്തിന് പണി ചെയ്യുവാൻ ഏല്പിക്കുകയുണ്ടായി. പണി തീർക്കേണ്ട കാലാവധി 18 മാസമാണ്. 20-12-1992-ന് പണി ആരംഭിച്ചു. പണി 19-6-2000-ൽ തീർക്കേണ്ടതായിരുന്നു. പണിയുടെ പുരോഗതി തൃപ്തികരമല്ലെന്ന് കണ്ടതിനാൽ പണി പുനരാരംഭിക്കണമെന്നാവശ്യപ്പെട്ട് പാലക്കാട് റോഡ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽപ്പടി കോൺട്രാക്ടർക്ക് 07-02-2001-ൽ നോട്ടീസ് നൽകിയിരുന്നു. ഇത് അനുസരിച്ച് പണി പുനരാരംഭിക്കുകയുണ്ടായി. ഇപ്പോൾ റോഡിന്റെ പണി പുരോഗമിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly